**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2009** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി നൽകിയാൽ പ്രസ്തുത സ്ഥലത്ത് ഐ.ടി. പാർക്ക് അനുവദിക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ പുതുതായി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനു നിലവിൽ ഏതെങ്കിലും സ്ഥലം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഐ.ടി കോറിഡോർ പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യ കോറിഡോറായ ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം വരെ ദേശീയപാതയ്ക്ക് സമാന്തരമായി തിരുവനന്തപുരം ജില്ലയിൽ സ്ഥിതി ചെയ്യുന്ന ആറ് സ്ഥലങ്ങളിലായി 200 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി ഈ ആവശ്യത്തിന് അനുയോജ്യമാണോയെന്നും മറ്റു പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യത സംബന്ധിച്ചും പരിശോധിച്ചാൽ മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |
| (സി) | പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് ഏറ്റവും കുറഞ്ഞത് എത്ര ഏക്കർ ഭൂമിയാണ് വേണ്ടതെന്ന് വിശദമാക്കാമോ? | (സി) | ഐ.ടി പാർക്കും അതിനനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി ഏറ്റവും കുറഞ്ഞത് 15 ഏക്കർ ഭൂമിയെങ്കിലും ആവശ്യമായി വരുന്നതാണ്. |

സെക്ഷൻ ഓഫീസർ